**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3626** **26-10-2021 - ൽ മറുപടിയ്ക്ക്**

**വിരമിച്ച ജീവനക്കാർക്കുള്ള പെൻഷനും ആനുകൂല്യങ്ങളും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | **Shri Antony Raju**<br>**(ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | കെ.എസ്.ആർ.ടി.സി. യിൽ നിന്നും നാളിതുവരെ വിരമിച്ച ജീവനക്കാർക്ക് ലഭിക്കേണ്ട പെൻഷനും മറ്റ് ആനുകൂല്യങ്ങളും കൊടുത്തുതീർക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് സമയബന്ധിതമായി കൊടുത്തുതീർക്കാൻവേണ്ട നടപടി സ്വീകരിക്കുമോ? | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.യുടെ നിലവിലെ രൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയെത്തുടർന്ന് സ്വന്തം വരുമാനത്തിൽ നിന്നും പ്രതിമാസ പെൻഷൻ അനുവദിക്കാൻ കഴിയാതെ വരികയും, തൽഫലമായി പെൻഷൻ മുടങ്ങുന്ന സ്ഥിതിയും സംജാതമാവുകയുണ്ടായി. തദവസരത്തിൽ സർക്കാർ മുൻകൈയ്യെടുത്ത്, സഹകരണ വകുപ്പുമായി സഹകരിച്ച് പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ ഒരു കൺസോർഷ്യം രൂപീകരിക്കുകയും പ്രസ്തുത കൺസോർഷ്യം വഴി നിലവിൽ പെൻഷൻ മുടക്കം കൂടാതെ നൽകി വരുന്നുമുണ്ട്. ഇത്തരത്തിൽ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ വഴി നൽകുന്ന പെൻഷൻ തുക 10% പലിശയുൾപ്പെടെ സർക്കാർ 6 മാസത്തിനകം സഹകരണ ബാങ്കുകൾക്ക് അനുവദിക്കുകയും ചെയ്യുന്നുണ്ട്. നിലവിൽ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ പലിശ 8.5% ആയി കുറച്ചിട്ടുണ്ട്. പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുമായുള്ള പുതുക്കിയ കരാർ അനുസരിച്ച് 2022 ജൂൺ മാസം വരെയുള്ള പെൻഷൻ വിതരണം നടത്തുന്നതിനുള്ള സമ്മതപത്രം ഒപ്പുവെച്ചിട്ടുണ്ട്. 2021-22 സാമ്പത്തിക വർഷത്തിൽ ഏപ്രിൽ, മെയ് മാസങ്ങളിലായി മൊത്തം 673 ജീവനക്കാർ വിരമിച്ചിട്ടുണ്ട്. ഇവരിൽ ഓരോ ജീവനക്കാരനും ലഭിക്കുവാനുള്ള എല്ലാ പെൻഷൻ ആനുകൂല്യങ്ങളും പൂർണ്ണമായി നൽകുവാൻ കഴിഞ്ഞിട്ടില്ല. എന്നാൽ ഓരോ ആനുകൂല്യങ്ങളും നൽകുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് ആനുകൂല്യങ്ങൾ നൽകി വരുന്നുണ്ട്. കുടിശ്ശികയുള്ള ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ